**14-ാം കേരള നിയമ സഭ**

**15-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3693** 20.06.2019 **-ൽ മറുപടിയ്ക്ക്**

**<u>പുതിയ എം.ബി.ബി.എസ്.കരിക്കുലം</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.വി.ഡി.സതീശൻ** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി** |
| (എ) മെഡിക്കൽ പാഠ്യപദ്ധതി സമൂലമായി പരിഷ്കരിച്ച് പുതിയ എം.ബി.ബി.എസ്.കരിക്കുലം ഇന്ത്യൻ മെഡിക്കൽ കൗൺസിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; എന്നുമുതലാണ് പ്രസ്തുത പാഠ്യപദ്ധതി നിലവിൽ വരുന്നത്; | (എ) ഉണ്ട്. 2019-20 അധ്യയന വർഷം (ആഗസ്റ്റ് 2019)മുതലാണ് പ്രസ്തുത പാഠ്യപദ്ധതി നിലവിൽ വരുന്നത്. |
| (ബി) പുതിയ പാഠ്യപദ്ധതി പ്രകാരം എം.ബി.ബി.എസ്. പഠനത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് നടപ്പിലാക്കുന്നത്; | (ബി) വിഷയാധിഷ്ഠിത പഠനം എന്നതിൽ നിന്നും വൈദഗ്ദ്ധ്യാധിഷ്ഠിത പഠനം എന്നതിലേയ്ക്ക് പഠന രീതി മാറുന്ന തരത്തിലുൾപ്പെടെയുള്ള മാറ്റങ്ങളാണ് പുതിയ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നത്. ഡോക്ടർമാരെ സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ കൂടുതൽ പ്രാപ്തരാക്കുക എന്നതും പുതിയ പാഠ്യപദ്ധതിയുടെ ഉദ്ദേശലക്ഷ്യമാണ്. ക്ലിനിക്കൽ അധിഷ്ഠിതമായ പഠനം 1-ാം വർഷം മുതൽ ആരംഭിക്കുന്ന രീതി പുതിയ പാഠ്യപദ്ധതി അവലംബിക്കുന്നുണ്ട്. |
| (സി) പുതിയ പാഠ്യപദ്ധതി പ്രകാരം കുട്ടികളെ പഠിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) അഫിലിയേറ്റ് ചെയ്ത മെഡിക്കൽ കോളേജുകളിൽ പുതിയ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള ആരോഗ്യ സർവ്വകലാശാല സ്വീകരിച്ചു വരികയാണ്. ഇതു സംബന്ധിച്ച നടപടികൾ നിശ്ചയിക്കുന്നതിനായി അഫിലിയേറ്റഡ് മെഡിക്കൽ കോളേജുകളിൽ നിന്നുമുള്ള അനാട്ടമി, ഫിസിയോളജി, ബയോകെമിസ്ട്രി, |

( ....2)

കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗങ്ങളിലെ അധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ട് 15.06.2019-ന് ഒരു ബ്രെയിൻ സ്റ്റോമിങ്ങ് സെഷൻ ആരോഗ്യ സർവ്വകലാശാല നടത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**